OUR WEB SITES: www.kaumudiplus.com (Internet news paper) www.kalakaumudi.com (Mal. Weekly) www.vellinakshatram.com (Cinema) www.muhurtham.com (Spritual) www.snehitha.com (Women's) www.ayurarogyam.com (Health) katha magazine.com (Literary) www.fireonnet.com (Fortnightly)
വാർത്തകൾക്ക് 022-22025106, പരസ്യത്തിന് 022-22025196 . Fax: 22040679,0471-3078979
e-mail:kalakaumudimumbai@gmail.com. kalakaumudidaily@gmail.com

വി. എസ് ചെയർമാനായിരുന്ന സ്ഥാപനത്തിൽ

കോടികളുടെ ക്രമക്കേട് കണ്ടെത്തി

*** ആർ.സി.സിയിലെ വെട്ടിപ്പ് കണ്ടുപിടിച്ചു**
*** വിജിലൻസ് എഫ്. ഐ. ആർ ഫയൽ ചെയ്തു**
*** ആശുപത്രിയിലെ പ്രൊഫസർ ജേർണൽ നടത്തി ആർ.സി.സിയെ വിറ്റു**
*** ഇപ്പോഴും സ്ഥാപനം പ്രവർത്തിക്കുന്നതിൽ ദുരൂഹത**

എസ്. എൽ. ശ്യാം

തിരുവനന്തപുരം: മുഖ്യമന്ത്രിയായിരിക്കെ വി. എസ് അച്യുതാനന്ദൻ ചെയർമാനായിരുന്ന പ്രമുഖ സ്ഥാപനത്തിൽ കോടികളുടെ തട്ടിപ്പ് നടന്നതായി വിജിലൻസ് കണ്ടെത്തി. വിദേശത്തു നിന്നുള്ള പണം അനധികൃതമായി നേടിയതടക്കമുള്ള വൻ ക്രമക്കേടുകൾ ചൂണ്ടിക്കാട്ടിയുള്ള എഫ്. ഐ. ആർ കോടതിയിൽ സമർപ്പിച്ചു. റീജണൽ കാൻസർ സെന്ററിനെ വിദേശരാജ്യങ്ങളിൽ പോലും വിറ്റ് നടത്തിയ കോടികളുടെ അഴിമതിയാണ് വിജിലൻസ് കണ്ടെത്തിയത്. വർഷങ്ങൾക്കു മുമ്പുള്ള അന്വേഷണ ശുപാർശ മുഖ്യമന്ത്രിയായിരുന്ന വി. എസ്. അച്യുതാനന്ദന്റെ ഓഫീസ് പൂഴ്ത്തി വച്ചിരുന്നതായും തെളിഞ്ഞു.

റീജണൽ കാൻസർ സെന്ററിലെ ഡോക്ടറായ ഡോ. തോമസ് കോയിൽ പറമ്പിലിനെതിരായാണ് വിജിലൻസ് കോടതിയിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിരിക്കുന്നത്. 2.84 കോടി രൂപയുടെ തട്ടിപ്പാണ് ഇപ്പോൾ കണ്ടെത്തിയിരിക്കുന്നത്.

വിജിലൻസ് കോടതിയിൽ 4-2012 എസ്.ആർ.ടി എന്ന നമ്പരിൽ ഫയൽ ചെയ്തിരിക്കുന്ന എഫ്. ഐ. ആറിൽ ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണുള്ളത്. വിജിലൻസ് എസ്.പി യോഗേഷിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ഇതു സംബന്ധിച്ച അന്വേഷണം നടത്തിയത്. ഡി. വൈ. എസ്. പി റജി ജോസഫ്, സി. ഐ ബൈജു എന്നിവരായിരുന്നു മറ്റ് അന്വേഷണ സംഘാംഗങ്ങൾ.

ഏഴു പേജുള്ള പ്രാഥമികാന്വേഷണ റിപ്പോർട്ടിൽ തട്ടിപ്പു നടന്നതിനുള്ള ഏല്ലാ തെളിവുകളും വ്യക്തമായി ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

രണ്ടായിരാമാണ്ടിൽ റീജണൽ കാൻസർ സെന്ററിന്റെ അന്വേഷണ അനുമതിയോടെ ആരംഭിച്ച പ്രസിദ്ധീകരണത്തിന്റെ പേരിലാണ് തട്ടിപ്പു നടന്നത്. ' ഓസ്ട്രലേഷ്യൻ ജേർണൽ ഓഫ് കാൻസർ ' എന്ന പേരിലാണ് പ്രസിദ്ധീകരണം പുറത്തിറക്കിയത്. ഇതിന്റെ പേരിൽ വിദേശത്തു നിന്നും കോടിക്കണക്കിന് രൂപ ലഭിച്ചിരുന്നു.

പിന്നീട് ' റിസർച്ച്മാൻ പബ്ളിഷേഴ്സ് ' എന്ന പേരിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്യപ്പെട്ടു. ഡോ. തോമസ് കോയിൽ പറമ്പിലിന്റെ അടുത്ത ബന്ധു ആന്റണി ജോസിയായിരുന്നു ഈ സ്ഥാപനത്തിന്റെ ' മാനേജിംഗ് ഡയറക്ടർ '.

ക്രമേണ ആർ.സി.സിയുടെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട പണം ഇടപാടുകൾ റിസർച്ച്മാൻ മുഖേനയായി. ആർ.സി.സിക്ക് ഈ പ്രസിദ്ധീകരണം കൊണ്ട് കാര്യമായ യാതൊരു ഗുണവും ഇല്ലാതായി.

ഇക്കാര്യങ്ങളിലെ ക്രമക്കേടുകൾ ധനകാര്യ അന്വേഷണ വിഭാഗം കണ്ടെത്തിയിരുന്നു.മാത്രമല്ല, ഡോ. തോമസ് കോയിപ്പറമ്പിൽ അനുമതിയില്ലാതെ പല തവണ വിദേശ യാത്രകൾ നടത്തിയിരുന്നതായും അവർ റിപ്പോർട്ടു ചെയ്തു.

ഇക്കാര്യത്തെക്കുറിച്ച് വിജിലൻസിനെക്കൊണ്ട് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് അന്നത്തെ ആർ.സി.സി ഡയറക്ടർ ഡോ. രാജൻ സർക്കാരിനും വിജിലൻസിനും കത്തു നൽകി. മുഖ്യമന്ത്രിയായിരുന്ന വി. എസ് അച്യുതാനന്ദനായിരുന്നു ആർ. സി. സി ചെയർമാൻ. അതുകൊണ്ടു തന്നെ ഇതു സംബന്ധിച്ച അന്വേഷണം രണ്ടു വർഷത്തോളം നടത്താതെ കോൾഡ് സ്റ്റോറേജിൽ വച്ചു.

ഉമ്മൻ ചാണ്ടി സർക്കാർ വന്നശേഷമാണ് അന്വേഷണത്തിന് ജീവൻ വച്ചത്. തുടർന്നു നടത്തിയ വിശദമായ പരിശോധനയിലാണ് വ്യാപകമായ ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപെട്ടത്. എച്ച്. എസ്. ബി. സിയിൽ നിന്ന് ഒരു മാസം തന്നെ 848789 രൂപ പിൻവലിച്ചിട്ടുണ്ടെന്ന് വിജിലൻസ് കണ്ടെത്തി. പലതവണ വിദേശ യാത്ര നടത്തിയതായും തെളിഞ്ഞു. ഈ പണമെല്ലാം പ്രസിദ്ധീകരണത്തിന്റെ പേരിൽ വന്നതാണെന്നും തെളിഞ്ഞു.

ഇക്കാര്യങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തണമെന്നാണ് വിജിലൻസിന്റെ ആവശ്യം. അന്വേഷണത്തിൽ മറ്റു ചില ഉന്നതരും കുടുങ്ങുമെന്നാണ് സൂചന.

ഇത്രയൊക്കെ ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടും ഇപ്പോഴും ആർ.സി.സിയിൽ ജേർണലിന് പ്രത്യേക ഓഫീസ് മുറിയും മറ്റ് സംവിധാനങ്ങളും അനുവദിച്ചിരിക്കുന്നതിലെ ദുരൂഹത നിലനിൽക്കുകയാണ്.

തട്ടിപ്പു വീരന്മാർ?.. ജേർണലിന്റെ എഡിറ്റർമാരായ ഡോ.മുഹമ്മദ് അൽ ജാർലാ (കുവൈറ്റ്), ഡോ.തോമസ് കോയിൽപറമ്പിൽ

ഹൈബിക്ക് മനസ്സമ്മതം

തൃശൂർ: മുൻ എം.പി ജോർജ് ഈഡന്റെയും റാണി ഈഡന്റെയും മകൻ ഹൈബി ഈഡൻ എം.എൽ.എയും ഗുരുവായൂർ വാഴപ്പിള്ളി വീട്ടിൽ ജോസ് വാഴപ്പിള്ളിയുടെയും ജാൻസിയുടെയും മകൾ അന്ന ലിൻഡയും തമ്മിലുള്ള മനസ്സമ്മതം തൃശൂർ പുത്തൻപള്ളിയിൽ നടന്നു. ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ മുഖ്യകാർമ്മികത്വത്തിലായിരുന്നു ചടങ്ങ്. സോഫ്റ്റ്വെയർ എൻജിനീയറായ അന്ന ലിൻഡ ടിവി അവതാരകയുമാണ്. കേന്ദ്രമന്ത്രി കെ.വി. തോമസ്, പി.സി. ചാക്കോ എം.പി, വി.എം. സുധീരൻ തുടങ്ങിയവരുൾപ്പെടെ പ്രമുഖ കോൺഗ്രസ് നേതാക്കൾ മനസ്സമ്മത ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് ലുലു ഇന്റർനാഷണലിൽ നടന്ന വിരുന്നിൽ ഉമ്മൻ ചാണ്ടി, രമേശ് ചെന്നിത്തല തുടങ്ങിയവർ സംബന്ധിച്ചു.

ഇത്തവണയും ഭാരതരത്നം ഇല്ല

ന്യൂഡൽഹി: ഭാരത സർക്കാർ നൽകുന്ന പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരതരത്ന ഇക്കുറി ആർക്കും നൽകില്ല. 2008-ൽ പണ്ഡിറ്റ് ഭീംസെൻ ജോഷിക്കാണ് അവസാനമായി ഭാരതരത്ന നൽകിയത്. 19 വനിതകൾ അടക്കം 109 പേരെയാണ് 2012 ലെ പദ്മ അവാർഡുകൾക്കായി തിരഞ്ഞെടുത്തിട്ടുള്ളത്.

കേരളത്തിന്റെ ശുപാർശയിലാണ് തിരുവനന്തപുരത്തു ജനിച്ച മുൻ മുഖ്യ വിജിലൻസ് കമ്മിഷണറും ഗുജറാത്തിന്റെ വ്യവസായ വളർച്ചയിൽ നിർണായക പങ്കുവഹിച്ച സിവിൽ സർവീസ് ഉദ്യോഗസ്ഥനുമായ എൻ. വിത്തലിന് പദ്മഭൂഷൺ ലഭിച്ചത്. കലാമണ്ഡലം ശിവൻ നമ്പൂതിരി, പ്രിയദർശൻ, വി. ആദിമൂർത്തി, ജെ. ഹരീന്ദ്രൻ നായർ, പെപിത സേത്ത് എന്നീ അഞ്ചു പേർക്കാണ് കേരളത്തിന്റെ ശുപാർശയിൽ പദ്മശ്രീ ലഭിച്ചത്.

ഗോവക്കാരനായ വിഖ്യാത കാർട്ടൂണിസ്റ്റ് മരിയോ ഡി മിരാൻഡ, സംഗീതജ്ഞൻ ഭൂപൻ ഹസാരിക എന്നിവർക്ക് മരണാനന്തര ബഹുമതിയായാണ് പദ്മവിഭൂഷൺ നൽകുന്നത്.

മുൻ ഐ.പി.എസ് ഉദ്യോഗസ്ഥനും മുൻ ഗവർണറുമായ ടി.വി. രാജേശ്വർ, പ്രശസ്ത അസ്ഥിരോഗ വിദഗ്ദ്ധൻ ഡോ. കാന്തിലാൽ സഞ്ചേതി എന്നിവർക്കും പദ്മവിഭൂഷൺ നൽകും. ഹിന്ദി സിനിമയിലെ മുതിർന്ന താരങ്ങളായ ധർമ്മേന്ദ്ര, ശബാനാ ആസ്മി, സംവിധായിക മീരാ നായർ, നടി നന്ദിതാ ദാസിന്റെ പിതാവും ചിത്രകാരനുമായ ജതിൻ ദാസ്, അമേരിക്കയിലെ മുൻ ഇന്ത്യൻ സ്ഥാനപതി റോണൻ സെൻ, പ്രശസ്ത ഇൻസ്റ്റലേഷൻ ആർട്ടിസ്റ്റ് അനീഷ് കപൂർ, അമേരിക്കയിലെ ഇന്ത്യ ക്കാരൻ ജോസ് പെരേര തുടങ്ങിയവർക്കും പദ്മഭൂഷൺ ലഭിക്കും. തമിഴ്നാട് സ്വദേശികളായ അച്ഛനമ്മമാരുടെ മകനായി കണ്ണൂർ മട്ടന്നൂരിലാണ് കെ.ജി. സുബ്രഹ്മണ്യൻ ജനിച്ചത്. 1975-ൽ പദ്മശ്രീ, 2006-ൽ പദ്മഭൂഷൺ ബഹുമതികൾ നൽകി രാഷ്ട്രം ഇദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്. 1993-ൽ കേരള ലളിതകലാ അക്കാഡമിയും സുബ്രഹ്മണ്യനെ അവാർഡ് നൽകി ആദരിച്ചിരുന്നു.

അഴിമതിക്ക് ഹസാരെയുടെ പുതിയ മരുന്ന്; കരണത്തടി

റലഗെൻസിദ്ധി : അഴിമതിക്ക് അത്ര ഗാന്ധിസമൊന്നുമില്ലാത്ത പുതിയ ഒരു 'മരുന്ന്' നിർദ്ദേശിച്ചിരിക്കുകയാണ് ഗാന്ധിയനായ അന്ന ഹസാരെ; കരണത്തടി "സഹികെട്ടാൽ മൂന്നിൽ ആരാണെന്നൊന്നും നോക്കേണ്ടതില്ല.

കരണത്തൊന്ന് പൊട്ടിക്കുക. അതോടെ ബുദ്ധി നേരെയാകും. ഇനി ഇപ്പോൾ ഇതേ ഒരു വഴിയുള്ളൂ" - അദ്ദേഹം പറഞ്ഞു.

അഴിമതിക്കെതിരായ സാധാരണക്കാരന്റെ പോരാട്ടം ചിത്രീകരിക്കുന്ന 'ഗലി ഗലി ചോർ ഹൈ' എന്ന ഹിന്ദി സിനിമയുടെ പ്രത്യേക പ്രദർശനം കണ്ടശേഷം സംസാരിക്കുകയായിരുന്നു ഹസാരെ. സിനിമയുടെ അണിയറ പ്രവർത്തകർ അദ്ദേഹത്തിന്റെ ഗ്രാമത്തിൽ എത്തി ചിത്രം പ്രദർശിപ്പിക്കുകയായിരുന്നു. കഴിഞ്ഞ നവംബറിൽ കേന്ദ്രമന്ത്രി ശരദ്പവാറിനെ ഡൽഹിയിൽ ഒരു യുവാവ് കരണത്തടിച്ചതിനെ ഹസാരെ സാധൂകരിച്ചത് വിവാദം സൃഷ്ടിച്ചിരുന്നു. ഗാന്ധിയനായ അദ്ദേഹം അഹിംസയുടെ വഴി സ്വീകരിക്കുന്നത് ശരിയോ എന്നായിരുന്നു ചോദ്യം. അന്ന് അദ്ദേഹം ഈ ചോദ്യത്തെ നേരിടാനാവാതെ മാറ്റിപ്പറഞ്ഞിരുന്നു.

ട്വിറ്റർ സെൻസറിംഗ് ഏർപ്പെടുത്തുന്നു

വാഷിംഗ്ടൺ: ട്വിറ്ററിൽ പോസ്റ്റ് ചെയ്യുന്ന സന്ദേശങ്ങൾക്ക് രാജ്യങ്ങളുടെ അടിസ്ഥാനത്തിൽ സെൻസറിംഗ് ഏർപ്പെടുത്തുന്നതിന് തയ്യാറാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ട്വീറ്റുകൾ സെൻസർ ചെയ്യുന്നതിനുള്ള എല്ലാ നടപടികളും ഉടൻ കൈക്കൊള്ളുമെന്നും കമ്പനി 'ട്വീറ്റ്സ് മസ്റ്റ് ഫോളോ' എന്ന പേരിൽ ബ്ലോഗിൽ പോസ്റ്റ് ചെയ്ത സന്ദേശത്തിൽ വ്യക്തമാക്കി. സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളിലെ കുറ്റകരമായ വിവരങ്ങൾ ഫെബ്രുവരി ആറിനകം നീക്കം ചെയ്യണമെന്ന് ഡൽഹി ഹൈക്കോടതി ഉത്തരവിട്ടതിന് പിന്നാലെയാണിത്. ചില രാജ്യങ്ങളിൽ മാത്രം ഇത്തരം ട്വീറ്റുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമെന്നും മറ്റുള്ള സ്ഥലങ്ങളിൽ സെൻസർ ചെയ്യാതെ തന്നെ ട്വീറ്റുകൾ ലഭ്യമാകുമെന്നും കമ്പനി ബ്ലോഗിലൂടെ അറിയിച്ചു. ഫ്രാൻസിലും ജർമ്മനിയിലും നാസി സമൂഹത്തിന് അനുകൂലമായ ട്വീറ്റുകൾ നിരോധിച്ചിട്ടുള്ള കാര്യവും കമ്പനി ചൂണ്ടിക്കാട്ടി.

അഴീക്കോടിന്റെ ചിതാഭസ്മം നിമജ്ജനം ചെയ്തു

കണ്ണൂർ: സുകുമാർ അഴീക്കോടിന്റെ ചിതാഭസ്മം കണ്ണൂർ പയ്യാമ്പലം കടലിൽ നിമജ്ജനം ചെയ്തു. അനന്തരവന്മാരായ മനോജും രാജേഷുമാണു കർമങ്ങൾ നടത്തിയത്. ചിതാഭസ്മത്തിന്റെ ഒരുഭാഗം തൃശൂരിലേക്ക് കൊണ്ടു പോകും. അഴീക്കോടിന്റെ ആത്മീയ ശക്തിയായിരുന്ന വാഗ്ഭടാനന്ദ ഗുരുവിന്റെയും ആത്മവിദ്യാസംഘത്തിന്റേയും രീതികൾ അനുസരിച്ചായിരുന്നു ചടങ്ങുകൾ. ഒൻപതു മണിക്ക് ആത്മവിദ്യാസംഘത്തിന്റെ പ്രാർഥനയോടു കൂടി മരണാനന്തരചടങ്ങുകൾ അവസാനിച്ചു.

ശശികലയുടെ രണ്ട് വിശ്വസ്തരെ ജയലളിത മന്ത്രിസഭയിൽ നിന്നു പുറത്താക്കി

ചെന്നൈ: ഉറ്റതോഴിയായിരുന്ന ശശികലയുടെ രണ്ട് വിശ്വസ്തരെ മുഖ്യമന്ത്രി ജയലളിത മന്ത്രിസഭയിൽ നിന്നു പുറത്താക്കി.വിദ്യാഭ്യാസ മന്ത്രി എസ്.എസ്.കൃഷ്ണമൂർത്തി, റവന്യൂ മന്ത്രി എസ്.പി.വേലുമണി എന്നിവരെയാണ് പുറത്താക്കിയത്.

എൻ.ആർ.ശിവപതിയെ പുതിയ വിദ്യാഭ്യാസ മന്ത്രിയായി നിയമിച്ചു. വിവരസാങ്കേതിക വകുപ്പു മന്ത്രിയായിരുന്ന കെ.എ.ശെങ്കോട്ടിയാനാണ് പുതിയ റവന്യൂ മന്ത്രി. എൻ.സുബ്രഹ്മണ്യനെ വിവരസാങ്കേതിക വകുപ്പുമന്ത്രിയായും നിയമിച്ചു.

ശശികല ഉൾപ്പെടെ 14 പേരെ ഡിസംബറിൽ പാർട്ടിയിൽ നിന്നു പുറത്താക്കിയ ശേഷം ജയലളിതയുടെ ആദ്യ മന്ത്രിസഭാ പുനഃസംഘടനയാണ് ഇത്.ശശികലയുടെ ഭർത്താവ് നടരാജൻ, ജയലളിതയുടെ ദത്തുപുത്രനായിരുന്ന വി. എൻ. സുധാകരൻ എന്നിവരുൾപ്പെടെ 14 പേരെയാണു നേരത്തേ പാർട്ടിയിൽ നിന്നു പുറത്താക്കിയത്.

സ്വാശ്രയ കോളജുകളിൽ സർക്കാർ ഫീസിൽ പ്രവേശനം നടത്തില്ല:മാനേജ്മെന്റ്

തിരുവനന്തപുരം: സ്വാശ്രയ കോളജുകളിൽ സർക്കാർ ഫീസിൽ വിദ്യാർഥികളെ പ്രവേശിപ്പിക്കാൻ കഴിയില്ലെന്ന് വീണ്ടും ക്രിസ്ത്യൻ മാനേജ്മെന്റ് ഫെഡറേഷൻ. മുഴുവൻ സീറ്റിലും ഒരേ ഫീസ് വാങ്ങും. ഇതോടെ ഇത്തവണയും ക്രിസ്ത്യൻ മാനേജ്മെന്റ് ഫെഡറേഷൻ സർക്കാരുമായി കരാർ ഒപ്പിടില്ലെന്ന് ഉറപ്പായി. സ്വാശ്രയ പ്രശ്നം പരിഹരിക്കാൻ സർക്കാർ നിയോഗിച്ച ഉപസമിതിയുടെ ചർച്ചകൾ പുരോഗമിക്കവെയാണ് ക്രിസ്ത്യൻ മാനേജ്മെന്റ് ഫെഡറേഷൻ നയം വ്യക്തമാക്കുന്നത്. മുഴുവൻ സീറ്റിലും ഒരേ ഫീസെന്ന നിലപാടിൽ മാറ്റമില്ല. സർക്കാർ പട്ടികയിൽ നിന്നും വിദ്യാർഥി പ്രവേശനം നടത്തും. ഒരു സമുദായത്തിനു വേണ്ടി തുടങ്ങിയ കോളജുകളിൽ കുറഞ്ഞ ഫീസിൽ മറ്റുള്ളവരെ പഠിപ്പിക്കുന്നത് ന്യായീകരിക്കാനാകില്ലെന്നും ഫെഡറേഷൻ വ്യക്തമാക്കി. യോഗ്യതയിൽ വിട്ടുവീഴ്ച ചെയ്യുന്നവർ നിയമവിരുദ്ധമായി കാര്യങ്ങൾ ചെയ്യുന്നുണ്ടാകാം. എന്നാൽ സർക്കാർ നടത്തുന്ന ചർച്ചകളിൽ പങ്കെടുക്കുമെന്ന് ഫെഡറേഷൻ വ്യക്തമാക്കി ഫെഡറേഷൻ മൂന്നരലക്ഷം രൂപ ഫീസീടാക്കുകയും സർക്കാരുമായി കരാറുണ്ടാക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മെഡിക്കൽ മാനേജ്മെന്റ് അസോസിയേഷനും നിലപാടുകളിൽ കാർക്കശ്യം വരുത്തും.

ഹിലറി ക്ലിന്റൻ പൊതുരംഗം വിടാനൊരുങ്ങുന്നു

വാഷിങ്ടൺ: യുഎസ് സ്റ്റേറ്റ് സെക്രട്ടറി ഹിലറി ക്ലിന്റൻ പൊതുജീവിതത്തിൽ നിന്നു വിരമിക്കാനൊരുങ്ങുന്നു. ഹിലറി തന്നെയാണ് ഇക്കാര്യം അറിയിച്ചത്. ഡമോക്രാറ്റിക് പാർട്ടി വീണ്ടും അധികാരത്തിൽ വന്നാൽ ഒബാമ ഭരണകൂടത്തിൽ താനുണ്ടാവില്ലെന്ന് ഹിലറി വ്യക്തമാക്കി.

ഗവർണർ കെ.ശങ്കരനാരായണന്റെ ഭാര്യ രാധ മകൾ അനുപമ കൊച്ചുമക്കളായ പാറു, താര എന്നിവർ റിപ്പബ്ലിക്ദിനപരേഡ് വീക്ഷിക്കുന്നു

നവകേരള സൃഷ്ടിക്ക് സർക്കാർ തയ്യാറെടുക്കുന്നു: മന്ത്രി എം.കെ മുനീർ

കോഴിക്കോട്: അടിസ്ഥാന ജനവിഭാഗങ്ങളുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ക്ഷേമത്തിന് ഊൽ നൽകിയുള്ള നവകേരള സൃഷ്ടിക്ക് സംസ്ഥാനം ഒരുങ്ങുകയാണ് പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ.എം.കെ മുനീർ പ്രസ്താവിച്ചു.

വെസ്റ്റ്ഹിൽ വിക്രം മൈതാനിയിൽ റിപ്പബ്ളിക് ദിന പരേഡിന് അഭിവാദ്യം സ്വീകരിച്ചശേഷം സംസാരിക്കുകയായിരുു അദ്ദേഹം.

ഐ.ടി മേഖലയിൽ നം രണ്ടാം തലമുറ പരിഷ്കാരങ്ങളെക്കുറിച്ച് ചിന്തിച്ച് തടങ്ങിയിരിക്കയാണ്.

സംരഭകരായി മുാട്ടുവരു ഒരു ലക്ഷം യുവാക്കൾക്ക് പ്രോത്സാഹനം പ്രഖ്യാപിച്ചു കഴിഞ്ഞു. കേരളത്തിൽ ആദ്യമായി വിഷൻ 2030 യും പ്രഖ്യാപിച്ചു. നമ്മുടെ പ്രവാസി സഹോദരന്മാരുടെ സഹകരണം കേരള വികസനത്തിൽ തേടുതിന്റെ ഭാഗമായി ഇന്ത്യൻ ഐ.ടി വിപ്ളവത്തിന്റെ ശിൽപ്പി സാം പിത്രോദ ഇവിടെ വ് ചർച്ചകൾ നടത്തിക്കഴിഞ്ഞു.

ഇതൊടൊപ്പം ത ഗാന്ധിയൻ സ്വപ്നത്തിന്റെ ഒരു പുനരുജ്ജീവനത്തിന് കേരള ഗ്രാമങ്ങൾ സാക്ഷ്യം വഹിക്കാൻ പോകുകയാണ്.

ഗ്രാമങ്ങളെ തൊട്ടുണർത്തു ഗ്രാമയാത്രക്ക് തൃശ്ശൂർ ജില്ലയിലെ അമനട പഞ്ചായത്തിൽ തുടക്കം കുറിക്കുകയാണ്. 134 നിയമസഭാ മണ്ഡലങ്ങളിലെ ഓരോ പഞ്ചായത്തിലും ആദ്യഘട്ടത്തിൽ ഈ ഗ്രാമയാത്ര എത്തും.

നാനാവിധേനയുള്ള പർശ്വവൽക്കരണത്തിന് വിധേയമാക്കപ്പെടു സ്ത്രീകളുടെ ശാകതീകരണത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

രാമക്ഷേത്രം നിർമ്മിക്കും, ന്യൂനപക്ഷ സംവരണത്തോട് ബി.ജെ.പിക്ക് എതിർപ്പ്

ലക്നൗ: ഉത്തർപ്രദേശിൽ അധികാരത്തിലെത്തിയാൽ രാമക്ഷേത്രം നിർമ്മിക്കുമെന്ന് ബി.ജെ.പി. ദേശീയ രാഷ്ട്രീയത്തിൽ നിർണായക പങ്കു വഹിക്കാനൊരുങ്ങുന്ന ഉത്തർപ്രദേശിൽ പുറത്തിറക്കിയ പ്രകടനപത്രികയിലാണ് ബി.ജെ.പിയുടെ ഈ വാഗ്ദാനം.

ശ്രീരാമൻ മാന്യതയുടെയും മര്യാദയുടെയും പര്യായമാണ്. രാജ്യത്തെ കോടിക്കണക്കിന് വരുന്ന ജനങ്ങളുടെ വിശ്വാസമാണത്. വോട്ട് ബാങ്ക് രാഷ്ട്രീയവും വ്യാജ മതേതരത്വവും പ്രകടനപത്രികയിൽ പറയുന്നു.

സംഗിക്കുന്നവർ കാരണം രാമക്ഷേത്ര നിർമ്മാണം നടന്നില്ല. എന്നാൽ ബി.ജെ.പി അധികാരത്തിലെത്തിയാൽ രാമക്ഷേത്ര നിർമ്മാണത്തിനുള്ള തടസങ്ങൾ നീക്കുമെന്നും പ്രകടനപത്രികയിൽ പറയുന്നു.

അതേസമയം സംവരണത്തിനുള്ളിൽ ഉപസംവരണം അനുവദിക്കാനുള്ള യു.പി.എ സർക്കാരിന്റെ നീക്കത്തെ ബി.ജെ.പി പ്രകടനപത്രികയിൽ തുറന്ന് എതിർക്കുന്നുണ്ട്. ഒ.ബി.സി വിഭാഗത്തിന് 27 ശതമാനം സംവരണം പുനസ്ഥാപിക്കുമെന്നും, 4.5 ശതമാനം ഉപസംവരണം ഏർപ്പെടുത്തിയത് പിൻവലിക്കുമെന്നും പ്രകടന പത്രിക പറയുന്നു. ബി.ജെ.പി നേതാക്കളായ ഉമാഭാരതി, കൽരാജ് മിശ്ര, മുക്താർ അബ്ബാസ് നഖ്വി, സുധീന്ദ്ര കുൽക്കർണി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

സദാനന്ദന്റെ മരണം കൊലപാതകമെന്നു പൊലീസ്

കോട്ടയം: നാഗമ്പടത്ത് ഇന്നലെ മരിച്ച നിലയിൽ കണ്ടെത്തിയ സദാനന്ദന്റേത് കൊലപാതമാണെന്നു പൊലീസ്. ചെവിക്കു പിന്നിലേറ്റ മാരകപ്രഹരം ആണു മരണത്തിനു കാരണമായതെന്നു പോസ്റ്റ് മോർട്ടം റിപ്പോർട്ട് സൂചിപ്പിക്കുന്നതായി പൊലീസ് അറിയിച്ചു.കോട്ടയം ഡിവൈഎസ്പിയുടെ നേതൃത്വത്തിൽ 16 അംഗ സംഘമാണ് അന്വേഷണം നടത്തുന്നത്.

ഇന്നലെ രാവിലെ ഒൻപതിനാണ് നാഗമ്പടം നെഹ്റു സ്റ്റേഡിയത്തിനു സമീപം സദൻ എന്ന സദാനന്ദന്റെ മൃതദേഹം കണ്ടെത്തിയത്. ഒരാഴ്ച മുമ്പ് കൊലചെയ്യപ്പെട്ട നാഗമ്പടം സ്വദേശിയായ വീട്ടമ്മ തങ്കമ്മയുടെ കേസിൽ പൊലീസിനു സുപ്രധാന വിവരം നൽകിയ ചീര ശശിയെന്നയാളുടെ സഹോദരനാണ് മരിച്ച സദാനന്ദൻ. എന്നാൽ വീട്ടമ്മയുടെ മരണവുമായി സദാനന്ദന്റെ മരണത്തിനു ബന്ധമില്ലെന്നാണു പൊലീസ് പറയുന്നത്.

മരിച്ച സദാനന്ദന് ചീര ശശിയെ കൂടാതെ മറ്റൊരു ജ്യേഷ്ഠനുമുണ്ട്. ഇയാളുടെ ഹെൽമറ്റ് കടയ്ക്കു സമീപമാണ് മൃതദേഹം കണ്ടെത്തിയത്. രാവിലെ കട തുറക്കാനെത്തിയ ജീവനക്കാരോട് സമീപത്തെ ഓട്ടോഡ്രൈവറാണ് മൃതദേഹം കിടക്കുന്ന കാര്യം പറഞ്ഞത്. കമിഴ്ന്നു കിടക്കുന്ന നിലയിൽ കണ്ടെത്തിയ മൃതദേഹത്തിൽ നിന്ന് ചോരവാർന്നിട്ടുണ്ട്. ശരീരത്തിൽ പരുക്കുകളും കണ്ടെത്തി. അടിപിടി നടന്ന ലക്ഷണങ്ങളും സമീപത്തുണ്ട്.

Published by Prasad Lakshmanan for Kala Kaumudi Publications (P) Ltd., (Reg. No. of RNI 49829/90 Regd. No. MH/MR/SOUTH-170/ 2012-14) Vol. No. 22 Issue No. 149 from 19/1, Jolly Maker Chambers II, Nariman Point, Mumbai-21 and Printed by him at Dangat Media Private Limitted, Marwah Estate, Sakivihar Road, Mumbai-400072. .
Editor: Prasad Lakshman.